| 22-08-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - ആരാണ് നിങ്ങളെ പഠിപ്പിക്കാനായി വന്നിരിക്കുന്നത്, ഇത് ചിന്തിച്ചാൽ സന്തോഷം കൊണ്ട് രോമാഞ്ചമുണ്ടാകും, ഉയർന്നതിലും ഉയർന്ന അച്ഛനാണ് പഠിപ്പിക്കുന്നത്, ഇങ്ങനെയുള്ള പഠിപ്പ് ഒരിക്കലും ഉപേക്ഷിക്കരുത്.**

**ചോദ്യം-** ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഏതൊരു നിശ്ചയമാണ് ഉണ്ടായത്? നിശ്ചയത്തിന്റെ അടയാളം എന്തായിരിക്കും?
**ഉത്തരം-** നിങ്ങൾക്ക് നിശ്ചയമുണ്ടായി നമ്മൾ ഇപ്പോൾ ഇങ്ങനെയുള്ള പഠിപ്പാണ് പഠിക്കുന്നത്, ഇതിലൂടെ ഇരട്ടക്കിരീടധാരിയായ രാജാക്കന്മാരുടേയും രാജാവായി മാറും. സ്വയം ഭഗവാൻ നമ്മെ പഠിപ്പിച്ച് വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുകയാണ്. ഇപ്പോൾ നമ്മൾ ഭഗവാന്റെ കുട്ടിയായി മാറിയെങ്കിൽ പിന്നെ ഈ പഠിപ്പിൽ മുഴുകണം. എങ്ങനെയാണോ ചെറിയ കുട്ടികൾ തന്റെ മാതാപിതാവിനോടൊപ്പമല്ലാതെ എവിടെയും നിൽക്കാത്തത്. അതുപോലെ പരിധിയില്ലാത്ത അച്ഛനെ ലഭിച്ചുകഴിഞ്ഞു അതിനാൽ ആരെയും ഇഷ്ടമാകരുത്. ഒരാളുടെമാത്രം ഓർമ്മവേണം.

**ഗീതം-** ആരാണ് ഇന്ന് അതിരാവിലെ വന്നത്....

**ഓം ശാന്തി**. മധുര മധുരമായ കുട്ടികൾ ഗീതം കേട്ടു - ആരാണ് വന്നത്, ആരാണ് പഠിപ്പിക്കുന്നത്? ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. ചിലർ വളരെ ബുദ്ധിശാലികളായിരിക്കും, ചിലരാണെങ്കിൽ ബുദ്ധി കുറഞ്ഞവരായിരിക്കും. ആർക്കാണോ വളരെ അധികം എഴുത്തും പഠിപ്പുമുള്ളത് അവരെ വളരെ ബുദ്ധിശാലി എന്നു പറയും. ആരാണോ ശാസ്ത്രങ്ങൾ പഠിക്കുകയും എഴുതുകയും ചെയ്തത് അവർക്ക് വളരെ ബഹുമാനം നൽകുന്നു. കുറച്ച് പഠിച്ചവർക്ക് കുറച്ച് ബഹുമാനമേ നൽകൂ. ഇപ്പോൾ ഗീതത്തിലെ വാക്കുകൾ കേട്ടു- ആരാണ് വന്നത് പഠിപ്പിക്കാൻ! ടീച്ചർ വരുന്നുണ്ടല്ലോ. സ്ക്കൂളിൽ പഠിക്കുന്നവർക്ക് അറിയാം ടീച്ചർ വന്നുവെന്ന്. ഇവിടെ ആരാണ് വന്നത്? വളരെ അധികം രോമാഞ്ചം ഉണ്ടാകണം. ഉയർന്നതിലും ഉയർന്ന ബാബ വീണ്ടും പഠിപ്പിക്കാനായി വന്നിരിക്കുന്നു. മനസ്സിലാക്കേണ്ട കാര്യമല്ലേ! ഭാഗ്യത്തിന്റേയും കാര്യമാണ്. പഠിപ്പിക്കുന്നത് ആരാണ്? ഭഗവാൻ. ഭഗവാനാണ് വന്ന് പഠിപ്പിക്കുന്നത്. വിവേകം പറയുന്നു- എത്ര വലിയ വലിയ പഠിപ്പ് പഠിച്ച ആളായാലും ശരി, പെട്ടെന്നുതന്നെ ആ പഠിപ്പ് ഉപേക്ഷിച്ച് വന്ന് ഭഗവാനിൽ നിന്നും പഠിക്കണം. ഒരു സെക്കന്റുകൊണ്ട് എല്ലാം ഉപേക്ഷിച്ച് ബാബയുടെ അടുത്തേക്ക് പഠിക്കാനായി വരണം.

ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്- ഇപ്പോൾ നിങ്ങൾ പുരുഷോത്തമ സംഗമയുഗികളായി മാറിയിരിക്കുന്നു. ഉത്തമനിലും ഉത്തമനായ പുരുഷന്മാർ ഈ ലക്ഷ്മീ-നാരായണന്മാരാണ്. ഏത് പഠിപ്പിലൂടെയാണ് ഇവർ ഈ പദവി നേടിയതെന്ന് ലോകത്തിലെ ആർക്കും അറിയില്ല. നിങ്ങൾ ഈ പദവി നേടുന്നതിനായി പഠിക്കുന്നു. ആരാണ് പഠിപ്പിക്കുന്നത്? ഭഗവാൻ. എങ്കിൽ ബാക്കി എല്ലാ പഠിപ്പും ഉപേക്ഷിച്ച് ഈ പഠിപ്പിൽ മുഴുകണം എന്തുകൊണ്ടെന്നാൽ ബാബ വരുന്നതുതന്നെ കൽപത്തിനുശേഷമാണ്. ബാബ പറയുന്നു- ഞാൻ ഓരോ 5000 വർഷങ്ങൾക്കുശേഷവും സന്മുഖത്ത് പഠിപ്പിക്കാനായി വരുന്നു. അത്ഭുതമല്ലേ. പറയുന്നുമുണ്ട് ഭഗവാനാണ് ഞങ്ങൾക്ക് ഈ പദവി നേടിത്തരാനായി പഠിപ്പിക്കുന്നത്. എന്നിട്ടും പഠിക്കുന്നില്ല. അപ്പോൾ ഇവർ ബുദ്ധിവാനാണെന്ന് ബാബ പറയില്ലല്ലോ. ബാബയുടെ പഠിപ്പിൽ പൂർണ്ണ ശ്രദ്ധ നൽകുന്നില്ല. ബാബയെ മറക്കുന്നു. നിങ്ങൾ പറയുന്നു ബാബാ ഞങ്ങൾ മറന്നുപോയി. ടീച്ചറേയും മറക്കുന്നു. ഇതാണ് മായയുടെ കൊടുങ്കാറ്റ്. എന്നാൽ പഠിപ്പ് പഠിക്കുകതന്നെ വേണമല്ലോ. വിവേകം പറയുന്നുണ്ട് ഭഗവാൻ പഠിപ്പിക്കുകയാണ് അതിനാൽ പൂർണ്ണമായും ആ പഠിപ്പിൽ മുഴുകണം. ചെറിയ കുട്ടികളേയാണ് പഠിപ്പിക്കേണ്ടത്. ആത്മാവ് എല്ലാവരിലും ഉണ്ട്. ബാക്കി ശരീരമാണ് ചെറുതും വലുതുമാകുന്നത്. ആത്മാവാണ് പറയുന്നത് ഞാൻ അങ്ങയുടെ ചെറിയ കുട്ടിയായിരിക്കുന്നു. ശരി എന്റേതായി മാറിയെങ്കിൽ ഇപ്പോൾ പഠിക്കൂ. പാല് കുടിക്കുന്ന കുട്ടികളല്ലല്ലോ. പഠിപ്പാണ് ഫസ്റ്റ്. ഇതിൽ വളരെ അധികം ശ്രദ്ധ നൽകണം. വിദ്യാർത്ഥികൾ ഇവിടെ സുപ്രീം ടീച്ചറുടെ അടുത്തേക്കാണ് വരുന്നത്. ആ പഠിപ്പിക്കുന്ന ടീച്ചറും പ്രധാനമാണ്. എങ്കിലും ഇത് സുപ്രീം ടീച്ചറല്ലേ. 7 ദിവസത്തെ ഭട്ടിയും പാടപ്പെട്ടിട്ടുണ്ട്. ബാബ പറയുന്നു പവിത്രമായിരിക്കൂ ഒപ്പം എന്നെ ഓർമ്മിക്കൂ. ദൈവീക ഗുണങ്ങൾ ധാരണ ചെയ്താൽ നിങ്ങളിതായി മാറും. പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കേണ്ടതുണ്ട്. ചെറിയ കുട്ടികൾ മാതാപിതാക്കളല്ലാതെ മറ്റാരുടെ അടുത്തേക്കും പോകില്ല. അതുപോലെ നിങ്ങളും പരിധിയില്ലാത്ത ബാബയുടേതായി മാറിയെങ്കിൽ മറ്റാരെയും കാണാൻ താത്പര്യമേ ഉണ്ടായിരിക്കില്ല, അതാര് തന്നെയായാലും. നിങ്ങൾക്ക് അറിയാം നമ്മൾ ഉയർന്ന

തിലും ഉയർന്ന ബാബയുടേതാണ്. ബാബ നമ്മെ ഡബിൾകിരീടധാരി രാജാക്കന്മാരുടേയും രാജാവാക്കി മാറ്റുന്നു. പ്രകാശകിരീടം മന്മനാഭവയും, രത്നം പതിച്ച കിരീടം മദ്ധ്യാജീഭവയുമാണ്. നിശ്ചയമുണ്ടാകുന്നു നമ്മൾ ഈ പഠിപ്പിലൂടെ വിശ്വത്തിന്റെ അധികാരിയായി മാറുന്നു, 5000 വർഷങ്ങൾക്ക് ശേഷം ചരിത്രം ആവർത്തിക്കുമല്ലോ. നിങ്ങൾക്ക് രാജധാനി ലഭിക്കുന്നു. ബാക്കി എല്ലാ ആത്മാക്കളും തന്റെ വീടായ ശാന്തിധാമത്തിലേക്ക് പോകും. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് മനസ്സിലായി– വാസ്തവത്തിൽ നമ്മൾ ആത്മാക്കൾ ബാബയോടൊപ്പം നമ്മുടെ വീട്ടിലാണ് വസിക്കുന്നത്. ബാബയുടേതായി മാറുന്നതിലൂടെ നിങ്ങൾ ഇപ്പോൾ സ്വർഗ്ഗത്തിന്റെ അധികാരിയാകുന്നു പിന്നീട് ബാബയെ മറക്കുന്നതിലൂടെ അനാഥരാകുന്നു. ഭാരതം ഈ സമയത്ത് അനാഥമാണ്. ആർക്കാണോ മാതാവും പിതാവുമില്ലാത്തത് അവരെയാണ് അനാഥർ എന്നു പറയുന്നത്. അലഞ്ഞുകൊണ്ടിരിക്കുന്നു. നിങ്ങൾക്കിപ്പോൾ ബാബയെ ലഭിച്ചു, നിങ്ങൾ ഇപ്പോൾ സൃഷ്ടിയുടെ ചക്രത്തെ മുഴുവനായും അറിഞ്ഞുകഴിഞ്ഞു അതിനാൽ സന്തോഷം കൊണ്ട് നിങ്ങൾക്ക് ഗദ്ഗദമുണ്ടാകണം. നമ്മൾ പരിധിയില്ലാത്ത ബാബയുടെ കുട്ടികളാണ്. പരമപിതാ പരമാത്മാവ് പ്രജാപിതാ ബ്രഹ്മാവിലൂടെ പുതിയ സൃഷ്ടിയായി ബ്രാഹ്മണരെ രചിക്കുന്നു. ഇത് വളരെ സഹജമായി മനസ്സിലാക്കാവുന്ന കാര്യമാണ്. നിങ്ങളുടെ ചിത്രവുമുണ്ട്, വിരാടരൂപത്തിന്റെ ചിത്രവും ഉണ്ട്. 84 ജന്മങ്ങളുടെ കഥ കാണിക്കുന്നു. നമ്മൾ തന്നെയാണ് ദേവത പിന്നീട് ക്ഷത്രിയനും വൈശ്യനും ശൂദ്രനുമായി മാറുന്നു. ഇത് ഒരു മനുഷ്യനും അറിയില്ല എന്തുകൊണ്ടെന്നാൽ ബ്രാഹ്മണരേയും ബ്രാഹ്മണരെ പഠിപ്പിക്കുന്ന ബാബയേയും, രണ്ടുപേരുടേയും പേരോ അടയാളമോ പോലും ഇല്ലതാക്കി. ഇംഗ്ലീഷിലും നിങ്ങൾ കുട്ടികൾക്ക് നല്ലരീതിയിൽ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. ആർക്കാണോ ഇംഗ്ലീഷ് അറിയുന്നത് അവർ തർജ്ജമ ചെയ്ത് പറഞ്ഞുകൊടുക്കണം. ഫാദർ നോളേജ്ഫുള്ളാണ്, സൃഷ്ടിയുടെ ചക്രം എങ്ങനെയാണ് കറങ്ങുന്നത് എന്ന ജ്ഞാനം ബാബയിൽ മാത്രമേയുള്ളു. ഇതാണ് പഠിപ്പ്. യോഗത്തേയും ബാബയുടെ ഓർമ്മ എന്നാണ് പറയുന്നത്, ഇതിനെ ഇംഗ്ലീഷിൽ കമ്മ്യൂണിയൻ എന്ന് പറയുന്നു. അച്ഛനുമായി കമ്മ്യൂണിയൻ, ടീച്ചറുമായി കമ്മ്യൂണിയൻ, ഗുരുവുമായി കമ്മ്യൂണിയൻ. ഇതാണ് ഗോഡ്ഫാദറുമായുള്ള കമ്മ്യൂണിയൻ. സ്വയം ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ, ഒരു ദേഹധാരിയേയും ഓർമ്മിക്കരുത്. മനുഷ്യർ ഗുരുവിന്റെ അടുത്തേക്ക് പോകുന്നു, ശാസ്ത്രങ്ങൾ പഠിക്കുന്നു. ലക്ഷ്യം ഒന്നും തന്നെയില്ല. സദ്ഗതി ഉണ്ടാകുന്നില്ല. ബാബ പറയുന്നു ഞാൻ വന്നിരിക്കുന്നത് എല്ലാവരേയും തിരികെക്കൊണ്ടുപോകാനാണ്. ഇപ്പോൾ നിങ്ങൾക്ക് ബാബയുമായി തന്റെ ബുദ്ധിയോഗം വെക്കണം, എങ്കിൽ നിങ്ങൾ അവിടെ എത്തിച്ചേരും. നല്ലരീതിയിൽ ഓർമ്മിക്കുന്നതിലൂടെ വിശ്വത്തിന്റെ അധികാരിയായി മാറും. ഈ ലക്ഷ്മീ–നാരായണന്മാർ പാരഡൈസിന്റെ അധികാരികളായിരുന്നില്ലേ. ഇത് ആരാണ് മനസ്സിലാക്കിത്തരുന്നത്. ബാബയെയാണ് നോളേജ്ഫുൾ എന്ന് പറയുന്നത്. മനുഷ്യർ പിന്നീട് അന്തർയാമി എന്നു പറയുന്നു. വാസ്തവത്തിൽ അന്തർയാമി എന്ന വാക്കേയില്ല. ആത്മാവ് തന്നെയാണ് പഠിക്കുന്നത്. ബാബ നിങ്ങൾ കുട്ടികളെ ആത്മാഭിമാനിയാക്കി മാറ്റുന്നു. നിങ്ങൾ ആത്മാക്കൾ മൂലവതനത്തിൽ വസിക്കുന്നവരാണ്. നിങ്ങൾ ആത്മാക്കൾ എത്ര ചെറുതാണ്. അനേകം തവണ നിങ്ങൾ പാർട്ട് അഭിനയിക്കാനായി വന്നിട്ടുണ്ട്. ബാബ പറയുന്നു ഞാൻ ബിന്ദുവാണ്. എന്റെ പൂജ ചെയ്യാൻ സാധിക്കില്ല. എന്തിന് ചെയ്യണം, ആവശ്യം എന്താണ്. ഞാൻ നിങ്ങൾ ആത്മാക്കളെ പഠിപ്പിക്കാനാണ് വരുന്നത്. നിങ്ങൾക്കുതന്നെയാണ് രാജധാനി നൽകുന്നത് പിന്നീട് രാവണ രാജ്യത്തിലെത്തുമ്പോൾ എന്നെ മറന്നുപോകുന്നു. ആദ്യമാദ്യം ആത്മാവ് പാർട്ട് അഭിനയിക്കാനാണ് വരുന്നത്. മനുഷ്യർ കരുതുന്നു 84 ലക്ഷം ജന്മങ്ങൾ എടുക്കുന്നുണ്ട്. എന്നാൽ ബാബ പറയുന്നു കൂടിവന്നാൽ 84 ജന്മം. വിദേശത്ത് ചെന്ന് ഈ കാര്യങ്ങൾ അവരെ കേൾപ്പിച്ചാൽ അവർ പറയും ഈ നോളേജ് നിങ്ങൾ ഇവിടെ ഇരുന്ന് ഞങ്ങൾക്ക് പഠിപ്പിച്ചുതരൂ. നിങ്ങൾക്ക് അവിടെ 1000 രൂപ ലഭിക്കുന്നു, ഞങ്ങൾ നിങ്ങൾക്ക് പതിനായിരം–ഇരുപതിനായിരം രൂപ നൽകാം. ഞങ്ങളേയും ജ്ഞാനം കേൾപ്പിക്കൂ. ഗോഡ് ഫാദർ നമ്മൾ ആത്മാക്കളെ പഠിപ്പിക്കുന്നു. ആത്മാവ് തന്നെയാണ് ജഡ്ജായും മാറുന്നത്. ബാക്കി മനുഷ്യരെല്ലാം ദേഹാഭിമാനികളാണ്. ആരിലും ജ്ഞാനമില്ല. വലിയ വലിയ തത്വചിന്തകരെല്ലാമുണ്ട് എന്നാൽ ഈ ജ്ഞാനം ആരിലുമില്ല. നിരാകാരനായ ഗോഡ് ഫാദർ പഠിപ്പിക്കാനായി വരുന്നു. നമ്മൾ അവരിൽ നിന്നാണ് പഠിക്കുന്നത്, ഈ കാര്യങ്ങളെല്ലാം കേട്ട് അവർ അത്ഭുതപ്പെടും. ഈ കാര്യങ്ങളൊന്നും ഒരിക്കലും കേൾക്കുകയോ വായിക്കുകയോ ചെയ്തിട്ടില്ല. ലിബറേറ്റർ, ഗൈഡ് എന്നെല്ലാം പറയുന്നത് ഒരേയൊരു ബാബയെത്തന്നെയാണ്, ബാബ തന്നെയാണ് ലിബറേറ്റർ എങ്കിൽ പിന്നെ ക്രിസ്തുവിനെ ഓർമ്മിക്കുന്നതെന്തിനാണ്? ഈ കാര്യങ്ങളെല്ലാം വളരെ നന്നായി മനസ്സിലാക്കിക്കൊടുക്കൂ എങ്കിൽ അവർ അതിശയിക്കും. പറയും ഇത് ഞങ്ങൾ കേട്ടിട്ടേയില്ല. പാരഡൈസിന്റെ സ്ഥാപന നടക്കുകയാണ്, അതിനുവേണ്ടിയാണ് ഈ മഹാഭാരതയുദ്ധം. ബാബ പറയുന്നു ഞാൻ നിങ്ങളെ രാജാക്കന്മാരുടേയും രാജാവ് ഡബിൾ കിരീടധാരിയാക്കി മാറ്റുന്നു. പവിത്രതയും, ശാന്തിയും സമൃദ്ധിയും എല്ലാം ഉണ്ടായിരുന്നു. ചിന്തിക്കൂ, എത്ര വർഷമായി? ക്രിസ്തുവിന് 3000 വർഷങ്ങൾക്കുമുമ്പ് ഇവരുടെ രാജ്യമായിരുന്നല്ലോ. പറയും ഇത് സ്പിരിചൽ നോളേജാണ്. ഇവർ നേരിട്ട് ആ സുപ്രീം ഫാദറിന്റെ കുട്ടിയാണ്, അവരിൽ

നിന്നും രാജയോഗം പഠിക്കുകയാണ്. സൃഷ്ടിയുടെ ചരിത്രവും ഭൂമിശാസ്ത്രവും എങ്ങനെയാണ് ആവർത്തിക്കുന്നത്, ഇത് മുഴുവനും ജ്ഞാനമാണ്. നമ്മുടെ ആത്മാവിൽ 84 ജന്മങ്ങളുടെ പാർട്ട് അടങ്ങിയിട്ടുണ്ട്. ഈ യോഗത്തിന്റെ ശക്തികൊണ്ട് ആത്മാവ് സതോപ്രധാനമായി ഗോൾഡൻ ഏജിലേക്ക് പോകും, ശേഷം അവർക്കായി രാജ്യം വേണം. പഴയ ലോകത്തിന്റെ വിനാശവും ഉണ്ടാകണം. അത് മുന്നിൽ നിൽക്കുന്നുണ്ട് പിന്നീട് ഒരു ധർമ്മമുള്ള രാജ്യമുണ്ടാകും. ഇത് പാപാത്മാക്കളുടെ ലോകമാണ്. ഇപ്പോൾ നിങ്ങൾ പാവനമായി മാറുകയാണ്, പറയൂ ഈ ഓർമ്മയുടെ ബലത്തിലൂടെ നമ്മൾ പവിത്രമായി മാറും ശേഷം എല്ലാത്തിന്റെയും വിനാശവും ഉണ്ടാകും. പ്രകൃതിക്ഷോഭങ്ങളും വരാനിരിക്കുന്നു. നമ്മൾക്ക് സാക്ഷാത്ക്കാരമുണ്ടായി, ദിവ്യദൃഷ്ടിയിലൂടെ കണ്ടിട്ടുമുണ്ട്. ഇതെല്ലാം നശിക്കാനുള്ളതാണ്. ബാബ വന്നിരിക്കുന്നത് ദൈവീകലോകം സ്ഥാപിക്കാനാണ്. കേട്ടിട്ട് പറയും ആഹാ! ഇവർ ഗോഡ്ഫാദറിന്റെ കുട്ടികളാണ്. നിങ്ങൾ കുട്ടികൾക്ക് അറിയാം യുദ്ധം ആരംഭിക്കും, പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകും. എന്താവും അവസ്ഥ? ഈ വലിയ വലിയ കെട്ടിടങ്ങളെല്ലാം താഴെവീഴും. നിങ്ങൾക്ക് അറിയാം ഈ ബോംബുകളെല്ലാം 5000 വർഷങ്ങൾക്ക് മുമ്പും ഉണ്ടാക്കിയിരുന്നു തന്റെതന്നെ വിനാശത്തിനായി. ഇപ്പോഴും ബോംബുകൾ തയ്യാറാണ്. യോഗബലം എന്താണ്, ഇതിലൂടെ നിങ്ങൾ വിശ്വത്തിനുമേൽ വിജയം നേടുന്നു എന്നത് ആർക്കെങ്കിലും അറിയുമോ. പറയൂ, സയൻസ് നിങ്ങളുടെതന്നെ വിനാശത്തിന് ഇടയാകും. നമുക്ക് ബാബയുമായി യോഗമുള്ളതിനാൽ ആ സൈലൻസിന്റെ ശക്തിയിലൂടെ നമ്മൾ വിശ്വത്തിനുമേൽ വിജയം നേടി സതോപ്രധാനമായി മാറും. ബാബ തന്നെയാണ് പതിത പാവനൻ. പാവനലോകം തീർച്ചയായും സ്ഥാപന ചെയ്യുക തന്നെ ചെയ്യും. ഡ്രാമയിൽ ഉള്ളതാണ്. ഉണ്ടാക്കിയ ബോംബുകളെല്ലാം വെറുതേ വെക്കുമോ! ഇങ്ങനെയിങ്ങനെ മനസ്സിലാക്കിക്കൊടുത്താൽ മനസ്സിലാക്കും ഇവർ എന്തിന്റേയോ അധികാരികളാണ്, ഇവരിൽ ഭഗവാൻ പ്രവേശിച്ചിട്ടുണ്ട്. ഇതും ഡ്രാമയിൽ ഉള്ളതാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ മനസ്സിലാക്കിക്കൊടുത്താൽ ആളുകൾ സന്തോഷിക്കും. ആത്മാവിൽ എങ്ങനെയാണ് പാർട്ടുള്ളത്, ഇതും അനാദിയായ ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ്. നിങ്ങളുടെ ക്രിസ്തുവും പുനർജന്മങ്ങൾ എടുത്തെടുത്ത് ഇപ്പോൾ തമോപ്രധാന അവസ്ഥയിൽ എത്തിയിട്ടുണ്ടാകും. വീണ്ടും തന്റെ സമയമാകുമ്പോൾ ക്രിസ്തു വന്ന് നിങ്ങളുടെ ധർമ്മം സ്ഥാപിക്കും. ഇങ്ങനെ ആധികാരികതയോടെ പറയുകയാണെങ്കിൽ അവർ മനസ്സിലാക്കും. ബാബ മുഴുവൻ കുട്ടികൾക്കും ഇരുന്ന് മനസ്സിലാക്കിത്തരികയാണ്. അതിനാൽ കുട്ടികൾ ഈ പഠിപ്പിൽ മുഴുകണം. അച്ഛൻ, ടീച്ചർ, സദ്ഗുരു മൂന്നും ഒരാളാണ്. ആ ബാബ എങ്ങനെയാണ് ജ്ഞാനം നൽകുന്നത് എന്നതും നിങ്ങൾ മനസ്സിലാക്കി. എല്ലാവരേയും പവിത്രമാക്കി മാറ്റി കൂടെക്കൊണ്ടുപോകുന്നു. ദൈവീക പരമ്പരയായിരുന്നപ്പോൾ പവിത്രമായിരുന്നു. ഭഗവാനും ഭഗവതിയുമായിരുന്നു. സംസാരിക്കുന്നതിൽ വളരെ സമർത്ഥരായിരിക്കണം, വേഗതയും വേണം. പറയൂ ബാക്കി സർവ്വാത്മാക്കളും സ്വീറ്റ് ഹോമിലാണ് കഴിയുക. ബാബ തന്നെയാണ് കൊണ്ടുപോകുന്നത്, സ്വർഗ്ഗത്തിന്റെ സദ്ഗതി ദാതാവ് ബാബ തന്നെയാണ്. ബാബയുടെ ജന്മസ്ഥാനം ഭാരതമാണ്. ഇത് എത്ര വലിയ തീർത്ഥസ്ഥാനമായി.

നിങ്ങൾക്കറിയാം എല്ലാവർക്കും തമോപ്രധാനമായി മാറുകതന്നെ വേണം. പുനർജന്മം എല്ലാവർക്കും എടുക്കണം, ആർക്കും തിരിച്ചുപോകാൻ സാധിക്കില്ല. ആദമാണ് 84 ജന്മങ്ങൾ എടുക്കുന്നത് അപ്പോൾ തീർച്ചയായും ക്രിസ്തുവും പുനർജന്മം എടുത്തെടുത്ത് വീണ്ടും പോയി അതുപോലെയാകും. ഇങ്ങനെയുള്ള കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നതിലൂടെ വളരെയധികം അത്ഭുതപ്പെടും. ബാബ പറയുന്നു ജോഡിയാണെങ്കിൽ വളരെ നന്നായി മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. ഭാരതത്തിൽ ആദ്യം പവിത്രതയുണ്ടായിരുന്നു. പിന്നീട് എങ്ങനെയാണ് അപവിത്രമാകുന്നത്. ഇതും പറയാൻ സാധിക്കും. പൂജ്യർ തന്നെയാണ് പൂജാരിയായി മാറുന്നത്. അപവിത്രമായി മാറുമ്പോൾ തന്റെതന്നെ പൂജ ചെയ്യാൻ തുടങ്ങും. രാജാക്കന്മാരുടെ വീട്ടിലും ഈ ദേവതകളുടെ ചിത്രമുണ്ടാകും, ആരാണോ പവിത്രവും ഡബിൾകിരീടധാരികളുമായിരുന്നത് അവരെ കിരീടമില്ലാത്ത അപവിത്രമായവർ പൂജിക്കുന്നു. അവർ പൂജാരീ രാജാക്കന്മാരാണ്. അവരെ ഭഗവാൻ ഭഗവതി എന്നു വിളിക്കില്ല എന്തുകൊണ്ടെന്നാൽ അവർ ഈ ദേവതകളെ പൂജിക്കുന്നു. സ്വയം പൂജ്യനും പൂജാരിയുമായി മാറുന്നു, പതിതമായി മാറുമ്പോൾ രാവണ രാജ്യം ആരംഭിക്കുന്നു. ഈ സമയത്ത് രാവണരാജ്യമാണ്. ഇങ്ങനെ ഇരുന്ന് മനസ്സിലാക്കിക്കൊടുത്താൽ എന്തു രസമായിരിക്കും. വണ്ടിയുടെ രണ്ട് ചക്രങ്ങളാണ് യുഗൾസ് അതുകൊണ്ട് വളരെയധികം അത്ഭുതങ്ങൾ ചെയ്തുകാണിക്കും. നമ്മൾ യുഗൾസ് തന്നെയാണ് പിന്നീട് പൂജ്യരായി മാറുന്നത്. നമ്മൾ പവിത്രത, ശാന്തി അതുപോലെ സമ്പന്നതയുടെ സമ്പത്ത് എടുക്കുകയാണ്. നിങ്ങളുടെ ചിത്രങ്ങളും ഇറങ്ങുന്നുണ്ട്. ഇത് ഈശ്വരീയ പരിവാരമാണ്. അച്ഛന്റെ കുട്ടികളാണ്, പേരമകനും പേരമകളുമാണ്, ബാക്കി ഒരു സംബന്ധവുമില്ല. പുതിയ സൃഷ്ടി എന്ന് ഇതിനെയാണ് പറയുന്നത് പിന്നീട് കുറച്ച് ദേവീ ദേവന്മാരേ ഉണ്ടാകൂ. പിന്നീട് പതുക്കെപ്പതുക്കെ വൃദ്ധിയുണ്ടാകുന്നു. ഈ ജ്ഞാനം എല്ലാവർക്കും മനസ്സിലാക്കിക്കൊടുക്കാനുള്ളതാണ്. ഈ ബാബയും ജോലിയിൽ രാജാവായിരുന്നു. ഒരു കാര്യത്തിലും ചിന്തിച്ചിരുന്നില്ല. എപ്പോഴാണോ ബാബ പഠി

പ്പിക്കുകയാണെന്ന് മനസ്സിലായത്, വിനാശം മുന്നിലുണ്ടെന്ന് കണ്ട ഉടൻ ഉപേക്ഷിച്ചു. എനിക്ക് രാജധാനി ലഭിക്കുകയാണെങ്കിൽ ഈ യാചകവേഷം കൊണ്ട് എന്ത് ചെയ്യാൻ എന്ന് തീർത്തും മനസ്സിലാക്കി. അതുപോലെ നിങ്ങളും മനസ്സിലാക്കുന്നുണ്ട് ഭഗവാനാണ് പഠിപ്പിക്കുന്നത്, എങ്കിൽ ഇത് പൂർണ്ണമായും പഠിക്കേണ്ടേ. ആ നിർദ്ദേശമനുസരിച്ച് നടക്കണം. ബാബ പറയുന്നു, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. അച്ഛനെ നിങ്ങൾ മറന്നുപോകുന്നു, ലജ്ജ തോന്നുന്നില്ലേ, ആ ലഹരി ഉയരുന്നില്ല. ഇവിടെ വളരെ നന്നായി റിഫ്രഷാവുന്നു പിന്നീട് അവിടെയെത്തുമ്പോൾ സോഡാവെള്ളം പോലെയാകുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ ഗ്രാമ ഗ്രാമങ്ങളിൽ സേവനം ചെയ്യുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുന്നു. ബാബ പറയുന്നു, ആദ്യമാദ്യം ഇത് പറഞ്ഞുകൊടുക്കൂ അതായത് ആത്മാക്കളുടെ പിതാവ് ആരാണ്. ഭഗവാൻ നിരാകാരനല്ലേ. ഈ പതിത ലോകത്തെ പാവനമാക്കി മാറ്റുന്നത് ആ ബാബ തന്നെയാണ്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) സ്വയം ഭഗവാൻ സുപ്രീം ടീച്ചറായി പഠിപ്പിക്കുകയാണ് അതിനാൽ നല്ലരീതിയിൽ പഠിക്കണം, ബാബയുടെ മതം അനുസരിച്ച് നടക്കണം.

2) സൈലൻസിന്റെ ബലം ശേഖരിക്കപ്പെടുന്ന തരത്തിൽ ബാബയുമായി യോഗം വെക്കണം. സൈലൻസിന്റെ ബലത്തിലൂടെ വിശ്വത്തിനുമേൽ വിജയം നേടണം, പതിതത്തിൽ നിന്നും പാവനമായി മാറണം.

### വരദാനം- തന്റെ സമയം സങ്കൽപം എന്നിവയെ സേവനങ്ങളിൽ അർപ്പണം ചെയ്യുന്ന വിധാതാവും വരദാതാവുമായി ഭവിക്കട്ടെ.

ഇപ്പോൾ തന്റെ ചെറിയചെറിയകാര്യങ്ങൾക്കു പിറകെയും, ശരീരത്തിനുപിറകെയും, വസ്തുക്കളുടെ പിറകെയും,സംബന്ധങ്ങളെ നിലനിർത്തുന്നതിന് പിറകെയും സമയത്തിനെയും സങ്കൽപങ്ങളേയും ഉപയോഗിക്കുന്നതിനുപകരം അവയെ സേവനങ്ങളിൽ സമർപ്പിക്കൂ.ഇങ്ങിനെയുള്ള സമർപ്പണോൽസവം ആഘോഷിക്കൂ.ഓരോ ശ്വാസത്തിലും സേവനത്തെക്കുറിച്ച് ചിന്തിക്കണം,സേവനത്തിൽ മുഴുകണം.സമയത്തെയും സങ്കൽപങ്ങളേയും സേവനങ്ങളിൽ ഉപയോഗിക്കുമ്പോൾ സ്വഉന്നതിയുടെ ഗിഫ്റ്റ് താനേ പ്രാപ്തമാകും. വിശ്വമംഗളത്തിൽ സ്വമംഗളം അടങ്ങിയിട്ടുണ്ട് അതിനാൽ നിരന്തരം മഹാദാനിയും, വിധാതാവും, വരദാതാവുമായി മാറൂ.

### സ്ലോഗൻ- തന്റെ ഇച്ഛകളെ കുറക്കുകയാണെങ്കിൽ പ്രശ്നങ്ങളും കുറയും.

**അവ്യക്തസൂചന-സഹജയോഗിയായി മാറുന്നതിനായി പരമാത്മാ സ്നേഹത്തിന്റെ അനുഭവികളായി മാറൂ.** എങ്ങിനെയാണോ ലൗകീകരീതിയിൽ ആരെങ്കിലും ആരുടെയെങ്കിലും സ്നേഹത്തിൽ ലവ്‌ലീനമാകുമ്പോൾ മുഖത്തിലൂടെയും, കണ്ണുകളിൽക്കൂടിയും,വാക്കുകളിൽക്കൂടിയും ഇവർ ലവ്‌ലീനമാണ്,പരസ്പരം ഇഷ്ടപ്പെടുന്നവരാണ് എന്ന് മനസ്സിലാകുന്നത് അതുപോലെ ഈ സ്റ്റേജിൽ വരുമ്പോഴെല്ലാം എത്രത്തോളം ബാബയുടെ സ്നേഹത്തിൽ ഇമർജ് ആകുന്നുവോ അത്രത്തോളം സ്നേഹത്തിന്റെ ബാണം മറ്റുള്ളവർക്കും ഏൽക്കും.